പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*472 17.05.2017 ൽ മറുപടിക്ക്

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനവും പദ്ധതി സമർപ്പണവും

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.സി.കെ.നാണു<br>ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനും പദ്ധതി സമർപ്പണത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനും സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനും പദ്ധതി സമർപ്പണത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനും ഈ സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ അവലോകനം നടത്താറുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള പ്ലാൻ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ യോഗം ഓരോ ത്രൈമാസത്തിനുശേഷവും ചേരുകയും തൊട്ടുമുമ്പുള്ള ത്രൈമാസത്തിന്റെ പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ഇതു കൂടാതെ, മുഖ്യമന്ത്രി തലത്തിൽ പ്രത്യേക പദ്ധതി അവലോകന യോഗങ്ങളും ചേരാറുണ്ട്. പ്രസ്തുത യോഗങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് മുൻഗണന നൽകി കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനും പദ്ധതി സമർപ്പണത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനുവേണ്ടി 27.08.2016 ലെ സ.ഉ (എം.എസ്) 34/2016/പ്ലാനിംഗ് ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ സെക്രട്ടറിയുടെ കീഴിൽ പ്രത്യേക സെൽ (coordination cell for centrally sponsored schemes) |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന എല്ലാ വകുപ്പുകളും ഈ പ്രത്യേക സെല്ലും ചേർന്ന് ഡൽഹി യിലെ റസിഡന്റ് കമ്മീഷണറുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള സമയോചിതമായ ഇടപെടലുകളുടെ ഫലമായി 2015-2016 ൽ ലഭിക്കേണ്ടിയിരുന്ന 528 കോടി രൂപ 2016-2017 ൽ ലഭ്യമാക്കുകയുണ്ടായി. |
| ബി) | ഓരോ വകുപ്പിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചുമതല ആർക്കാണ് നല്കിയിട്ടുളളത്; | ബി) | കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന ഓരോ ഭരണവകുപ്പിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ ഫീൽഡ് തല വകുപ്പിലും കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട കേന്ദ്രാ വിഷ്കൃത പദ്ധതികളുടെ നോഡൽ ഓഫീസർമാരായി വകുപ്പുതലവൻമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | 2016-17 കാലയളവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഏതൊക്കെ പദ്ധതികളിലായി എത്ര തുകയാണ് സംസ്ഥാനത്തിന് നഷ്ടമായത് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | സി) | 2016-17 ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ച കേന്ദ്രവിഹിതത്തിന്റെ അടങ്കൽ തുക മുഴുവനും കേന്ദ്രത്തിൽ നിന്നും ലഭ്യമായിട്ടില്ല. ഏതൊക്കെ പദ്ധതിവിഹിതമാണ്, എന്തു കാരണം കൊണ്ടാണ് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല എന്നിവ പരിശോധിച്ചു വരികയാണ്. |
| (ഡി) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ സംസ്ഥാനം സർപ്പിക്കാത്ത പദ്ധതികൾ ഏതൊക്കെയാണ്; | (ഡി) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ വിവിധ വകുപ്പുകൾ പദ്ധതികൾ സമർപ്പിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഈ വർഷം സമർപ്പിക്കാൻ പോകുന്നതും നടപ്പിലാക്കുവാൻ പോകുന്നതുമായ പദ്ധതികൾ ഏതൊക്കെ യാണ് എന്ന് വ്യക്തമാക്കാമോ? | (ഇ) | 2016-17 ൽ ഉള്ള കേന്ദ്രാവിഷ്കൃത പദ്ധതികളാണ് 2017-18 ലും തുടർന്നു പോകുന്നത്. അതുമുഴുവനും നടപ്പിലാക്കുന്നതാണ്. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി ഏതെങ്കിലും പുതിയ പദ്ധതി കേന്ദ്രം ആവിഷ്കരിക്കുന്നുണ്ടെങ്കിൽ അതും സംസ്ഥാനത്തു നടപ്പാക്കാൻ അംഗീകാരം നേടിയെടുക്കുന്നതാണ്. |

Sd/-

സെക്ഷൻ ഓഫീസർ